**മധുരമായ കുട്ടികളേ - നിങ്ങൾ ഈശ്വരീയ കുടുംബത്തിലേതാണ്, ഈശ്വരീയ കുടുംബത്തിലെ നിയമമാണ് സഹോദര-സഹോദരരായി കഴിയുക, ബ്രാഹ്മണ കുടുംബത്തിലെ നിയമമാണ് സഹോദരി-സഹോദരന്മാരായി കഴിയണം, അതിനാൽ വികാരത്തിന്റെ ദൃഷ്ടി ഉണ്ടാവുകയില്ല.**

**ചോദ്യം** - ഈ സംഗമയുഗം മംഗളകാരി യുഗമാണ് - എങ്ങനെ?
**ഉത്തരം -** ഈ സമയത്ത് ബാബ തന്റെ ഓമനകളായ കുട്ടികളുടെ സന്മുഖത്ത് വന്നിരിക്കുകയാണ്, അച്ഛൻ- ടീച്ചർ- സദ്ഗുരുവിന്റെ പാർട്ട് ഇപ്പോഴാണ് നടക്കുന്നത്, ഇത് മംഗളകാരി സമയമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയുടെ വേറിട്ട നിർദേശമാണ് നരകത്തെ സ്വർഗ്ഗമാക്കി മാറ്റുക അഥവാ സർവ്വർക്കും സദ്ഗതി കൊടുക്കുക എന്നത്, ആ ശ്രീമത്തിനെ അറിഞ്ഞ് അതോടൊപ്പം അതിലൂടെ നടക്കുകയാണ്.

**ചോദ്യം -** നിങ്ങളുടെ സന്യാസം സതോപ്രധാനമായ സന്യാസമാണ് - എങ്ങനെ?
**ഉത്തരം -** നിങ്ങൾ ബുദ്ധി കൊണ്ട് ഈ മുഴുവൻ പഴയ ലോകത്തേയും മറക്കുകയാണ്. നിങ്ങൾ ഈ സന്യാസത്തെ കേവലം ബാബയെയും സമ്പത്തിനെയും ഓർമ്മിച്ച് പവിത്രമാവുകയും പത്ഥ്യം പാലിച്ച് അതിലൂടെ ദേവതകളായി മാറുന്നു. അവരുടെ സന്യാസം പരിധിയുള്ളതാണ്, പരിധിയില്ലാത്തതല്ല.

**ഗീതം -** ഭോലാനാഥനിൽ നിന്നും വേറിട്ടത്..............

**ഓം ശാന്തി.** ആദ്യമാദ്യം ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. 5000 വർഷങ്ങൾക്ക് മുമ്പ് ബാബ പറഞ്ഞിട്ടുണ്ടായിരുന്നു, മന്മനാഭവ. ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ഉപേക്ഷിച്ച് സ്വയത്തെ അശരീരി ആത്മാവാണെന്ന് മനസ്സിലാക്കൂ. എല്ലാവരും സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ട്? സ്വയത്തെ പരമാത്മാവാണെന്ന് മനസ്സിലാക്കുന്നില്ലല്ലോ? പാടുന്നുണ്ട് പാപാത്മാവ്, പുണ്യാത്മാവ്, മഹാത്മാവ്. മഹാനായ പരമാത്മാവ് എന്ന് പറയാറില്ല. ആത്മാവ് പവിത്രമാകുന്നതിലൂടെ ശരീരവും പവിത്രമാകും. അഴുക്ക് പിടിച്ചിരിക്കുന്നതും ആത്മാവിൽ തന്നെയാണ്. ബാബ യുക്തിയോടെ മനസ്സിലാക്കി തരികയാണ്. ആത്മാവിന്റെ രൂപത്തിൽ പരസ്പരം സഹോദരന്മാരാണ്, ശരീരത്തിന്റെ സംബന്ധത്തിൽ വരുമ്പോൾ സഹോദരനും സഹോദരിയുമായി മാറുന്നു. ഇപ്പോൾ കുറേ ഗൃഹസ്ഥർ ഇരിക്കുന്നുണ്ട്, അവരോട് നിങ്ങൾ സഹോദര-സഹോദരി ആണെന്ന് പറഞ്ഞാൽ അവർ പിണങ്ങും. പക്ഷെ ഈ നിയമം മനസ്സിലാക്കിത്തരുന്നു അതായത് നമ്മൾ എല്ലാ ആത്മാക്കളുടേയും അച്ഛൻ ഒന്നാണ്, അപ്പോൾ സഹോദര- സഹോദരനായില്ലേ. പിന്നീട് മനുഷ്യ ശരീരത്തിൽ വരുന്നതിലൂടെ പ്രജാപിതാ ബ്രഹ്മാവിലൂടെ രചനയെ രചിക്കുകയാണ്. അതിനാൽ തീർച്ചയായും ബ്രഹ്മാവിന്റെ മുഖവംശാവലി പരസ്പരം സഹോദരനും സഹോദരിയുമായിരിക്കുമല്ലോ. എല്ലാവരും പരംപിതാ പരമാത്മാവ് എന്ന് പറയുന്നുമുണ്ട്. ബാബയാണ് സ്വർഗ്ഗത്തിന്റെ രചയിതാവ്. നമ്മൾ ആ ബാബയുടെ കുട്ടികളാണെങ്കിൽ എന്തുകൊണ്ട് നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാവുകയില്ല. പക്ഷെ സത്യയുഗത്തിലാണ് സ്വർഗ്ഗമുണ്ടാകുന്നത്. ബാബ വന്ന് പുതിയ സൃഷ്ടിയെ രചിക്കുന്നതൊന്നുമില്ല. ബാബ വന്ന് പഴയതിനെ പുതിയതാക്കുകയാണ്. അർത്ഥം ഈ വിശ്വത്തിന്റെ പരിവർത്തനം ചെയ്യുകയാണ്. അതിനാൽ തീർച്ചയായും ബാബ ഇവിടേയ്ക്കാണ് വന്നിരിക്കുന്നത്. ഭാരതത്തിനാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകിയിരിക്കുന്നത്. അതിന്റെ ഓർമ്മചിഹ്നമായാണ് ഇത്രയും വലുതായി സോമനാഥ ക്ഷേത്രം പണിതിരിക്കുന്നത്. തീർച്ചയായും ഭാരതത്തിൽ ഒരു ദേവിദേവതാ ധർമ്മം ഉണ്ടായിരുന്നു അപ്പോൾ വേറെ ഒരു ധർമ്മവും ഉണ്ടായിരുന്നില്ല, അതിനു ശേഷമാണ് മറ്റു ധർമ്മങ്ങളെല്ലാം വന്നത്. എങ്കിൽ ബാക്കി ആത്മാക്കളെല്ലാം തീർച്ചയായും ബാബയോടൊപ്പം നിർവ്വാണധാമത്തിലിരിക്കും. ഭാരതവാസികൾ ജീവന്മുക്തരായിരുന്നു. സൂര്യവംശി കുലത്തിലായിരുന്നു. ഇപ്പോൾ ജീവൻബന്ധനത്തിലാണ്. ജനകനും ഒരു സെക്കന്റിൽ ജീവന്മുക്തി ലഭിച്ചു എന്ന് ഉദാഹരണം ഉണ്ടല്ലോ. മുഴുവൻ സ്വർഗ്ഗത്തിനെയാണ് ജീവന്മുക്തി എന്ന് പറയുന്നത്. ബാക്കി അതിനു വേണ്ടി ആരെല്ലാം എത്രയധികം പരിശ്രമം ചെയ്തോ അതിന് അനുസരിച്ച് പദവി നേടും. അവിടെ എല്ലാവരും ജീവന്മുക്തിയിൽ ആയിരിക്കും. അപ്പോൾ മുക്തി ജീവന്മുക്തി ദാതാവ് ഒരു സദ്ഗുരുവായിരിക്കുമല്ലോ. പക്ഷെ ഇത് ആർക്കും അറിയില്ല. ഇപ്പോൾ എല്ലാവരും മായയുടെ ബന്ധനത്തിലാണ്. പറയുന്നുണ്ട് ഈശ്വരന്റെ ഗതിയും മതവും വേറിട്ടതാണ്......ബാബ നൽകുന്നത് ശ്രീമത്താണ്. ബാബ തീർച്ചയായും വരുന്നുണ്ട്. അവസാനം എല്ലാവരും അഹോ പ്രഭോ എന്ന് പറയും. നിങ്ങൾ ഇപ്പോൾ പറയുന്നുണ്ട് അഹോ പ്രഭു അങ്ങയുടെ ഈ നരകത്തെ സ്വർഗ്ഗമാക്കുന്ന വഴി വളരെ വേറിട്ടതാണ്. നിങ്ങൾക്ക്

അറിയാം വീണ്ടും നമ്മൾ സഹജ രാജയോഗം അഭ്യസിക്കുകയാണ്. കല്പം മുമ്പും സംഗമത്തിലായിരിക്കുമല്ലോ ഇത് പഠിച്ചിരുന്നത്. ബാബ പറയുകയാണ് – ഓമനകളായ കുട്ടികളെ, ഞാൻ നിങ്ങൾ കുട്ടികളുടെ സന്മുഖത്തേക്കാണ് വരുന്നത്. ബാബ പരമപിതാവാണ്, പരമമായ അധ്യാപകനുമാണ്. ജ്ഞാനമാണ് നൽകുന്നത്, ഈ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം വേറെ ആർക്കും നൽകാൻ കഴിയില്ല. ഈ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ അഥവാ വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആർക്കും അറിയില്ല. പരംപിതാ പരമാത്മാവ് സ്ഥാപനയുടേയും വിനാശത്തിന്റേയും കാര്യം എങ്ങനെയാണ് ചെയ്യിപ്പിക്കുന്നത്, ഇതും ആർക്കും അറിയില്ല. എന്നാൽ നിങ്ങൾ കുട്ടികൾ അതെല്ലാം അറിഞ്ഞു കഴിഞ്ഞു. മനുഷ്യനിൽ നിന്നും ദേവതയാക്കി. ഇത് ബാബയുടെ മഹിമയാണ്. അഴുക്ക് പിടിച്ച വസ്ത്രം കഴുകി.......ഇപ്പോൾ എല്ലാവരും സ്വയത്തോട് ചോദിക്കണം ഞാൻ അഴുക്ക് നിറഞ്ഞിരിക്കുകയാണോ അതോ പവിത്രമാണോ? അകാല സിംഹാസനമാണല്ലോ. അകാലമൂർത്തിയുടെ സിംഹാസനം എവിടെയാണ്? തീർച്ചയായും പരംധാമത്തിൽ അഥവാ ബ്രഹ്മ മഹതത്ത്വത്തിലായിരിക്കും. നമ്മൾ ആത്മാക്കളും അവിടെയാണ് വസിച്ചിരുന്നത്. അതിനെ അകാലസിംഹാസനം എന്നാണ് പറയാറുള്ളത്, അവിടേക്ക് ആർക്കും വരാൻ സാധിക്കില്ല. ആ മധുരമായ വീട്ടിലാണ് നാം വസിച്ചിരുന്നത്, ബാബയും അവിടെയാണ് വസിച്ചിരുന്നത്. അവിടെ ഇരിക്കുന്നതിന് ഏതെങ്കിലും സിംഹാസനമോ കസേരയോ ഒന്നുമില്ല. അവിടെ അശരീരി ആയിരിക്കുമല്ലോ. അപ്പോൾ മനസ്സിലാക്കിക്കൊടുക്കണം സെക്കന്റിൽ ജീവന്മുക്തി ലഭിക്കും അർത്ഥം യോഗ്യരാക്കി മാറ്റും.

ബാബ പറയുകയാണ് ശിവബാബയെ ഓർമ്മിക്കൂ, വിഷ്ണുപുരിയെ ഓർമ്മിക്കൂ. ഇപ്പോൾ നിങ്ങൾ ബ്രഹ്മാപുരിയിലാണ്. ബ്രഹ്മാവിന്റെ മക്കളാണ് ഒപ്പം ശിവബാബയുടേയും കുട്ടികളാണ്. അഥവാ സ്വയത്തെ സഹോദര– സഹോദരിയാണെന്ന് മനസ്സിലാക്കിയിട്ടില്ലെങ്കിൽ കാമവികാരത്തിലേക്ക് പോകും. ഇത് ഈശ്വരീയ പരിവാരമാണ്. ആദ്യം നിങ്ങളാണ് ഇരിക്കുന്നത്, മുത്തച്ഛനും ഉണ്ട്, ബാബയുമുണ്ട് അതോടൊപ്പം നിങ്ങൾ ബ്രഹ്മാവിലൂടെ ശിവബാബയുടെ കുട്ടികളായി. ശിവബാബയുടെ പേരക്കുട്ടികളാണ്. പിന്നെ മനുഷ്യശരീരത്തിലേക്ക് വരുമ്പോൾ സഹോദരി സഹോദരന്മാരാണ്. ഈ സമയത്ത് പ്രായോഗികമായി നിങ്ങൾ സഹോദരി സഹോദരനാണ്.. ഇത് ബ്രാഹ്മണ കുലമാണ്. ഇത് ബുദ്ധി കൊണ്ട് മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്. സെക്കന്റിലാണ് ജീവന്മുക്തിയും ലഭിക്കുന്നത്. ബാക്കി ധാരാളം പദവികളുണ്ട്. അവിടെ ദു:ഖം നൽകുന്ന മായയുണ്ടകില്ല. അല്ലാതെ സത്യയുഗം മുതൽ കലിയുഗം വരെ രാവണന്റെ കോലത്തെ കത്തിക്കുന്നതൊന്നുമില്ല. പരമ്പരയായി ഇത് കത്തിക്കുന്നുണ്ട് എന്ന് പറയുന്നത്, അത് അസംഭവ്യമായ കാര്യമാണ്. സ്വർഗ്ഗത്തിൽ എങ്ങനെയാണ് അസുരൻ വരുക? ബാബ പറഞ്ഞിട്ടുണ്ട് ഇവിടെ ആസുരീയ സമ്പ്രദായമാണ് ഉള്ളത്. പിന്നെ പേരെല്ലാം പറയുകയാണ് അകാസുരൻ, ബകാസുരൻ എന്നെല്ലാം. പറയുന്നു, കൃഷ്ണൻ പശുക്കളെ മേച്ചു, ഈ പാർട്ടും നടന്നിട്ടുണ്ട്, ശിവബാബയുടെ പശുക്കൾ നിങ്ങളാണ്. ശിവബാബ സർവ്വർക്കും ജ്ഞാനത്തിന്റെ പുല്ലു കഴിക്കാൻ നൽകുകയാണ്, നിങ്ങളെ പരിപാലിക്കുന്നത് ബാബയാണ്.

മനുഷ്യൻ ക്ഷേത്രങ്ങളിൽ പോയി ദേവതകളുടെ മഹിമ പാടുന്നുണ്ട് അങ്ങ് സർവ്വഗുണ സമ്പന്നനാണ് എന്നാൽ ഞങ്ങൾ നീചനും പാപിയുമാണ്.........സ്വയത്തെ ദേവതയാണെന്ന് പറയാൻ കഴിയില്ല, ഹിന്ദുവാണെന്ന് പറയും. യഥാർത്ഥ നാമം ഭാരതമെന്നാണ്. യദാ യദാഹി ധർമ്മസ്യ...... ഗീതയിലുമുണ്ട്, ഗീതയിൽ ഹിന്ദുസ്ഥാൻ എന്ന് പറഞ്ഞിട്ടില്ല. ഇത് ഭഗവാനുവാചയാണ്. സർവ്വരും അറിയുന്ന ഭഗവാൻ നിരാകാരനാണ്. സ്വർഗ്ഗത്തിൽ എല്ലാവരും ദൈവീക ഗുണങ്ങളുള്ള മനുഷ്യരായിരിക്കും. അവർക്കാണ് 84 ജന്മങ്ങൾ എടുക്കേണ്ടത്. അപ്പോൾ തീർച്ചയായും സ്വർഗ്ഗത്തിൽ നിന്നും നരകത്തിലേക്ക് വരണമല്ലോ. അങ്ങു തന്നെയാണ് പൂജ്യനും പൂജാരിയും എന്ന് പറയുന്നത് ഇതിനെയാണ്. നമ്പർവൺ പൂജ്യൻ ശ്രീകൃഷ്ണനാണ്. ശിശുവായി ഇരിക്കുമ്പോൾ സതോപ്രധാനമാണ് എന്ന് പറയും. ബാലകനായാൽ സതോ എന്നും, യുവത്വം ആയാൽ രജോ എന്നും വൃദ്ധനായാൽ തമോ എന്നും പറയും. സൃഷ്ടിയും സതോ രജോ തമോ ആകും. കലിയുഗത്തിനു ശേഷം വീണ്ടും സത്യയുഗം വരും. ബാബ സംഗമത്തിലാണ് വരുന്നത്. ഇത് വളരെ മംഗളകാരിയായ യുഗമാണ്. ഇത് പോലെ വേറെ ഒരു യുഗവും ഉണ്ടാവുകയില്ല. സത്യയുഗത്തിൽ നിന്ന് ത്രേതായുഗത്തിലേക്ക് വന്നു, അതിനെ മംഗളകാരി എന്ന് പറയില്ല എന്തുകൊണ്ടെന്നാൽ രണ്ട് കല കുറയുന്നതിലൂടെ ഇതിനെ മംഗളകാരി യുഗം എന്ന് എങ്ങനെ പറയും? പിന്നെ ദ്വാപരത്തിലേക്ക് വരും പിന്നെയും കലകൾ കുറയും. അപ്പോൾ അതൊന്നും മംഗളകാരി യുഗമാകുന്നില്ല. മംഗളകാരി ഈ സംഗമയുഗമാണ്., ഈ സമയത്താണ് പ്രത്യേകിച്ചും ഭാരതത്തെ അതോടൊപ്പം മുഴുവൻ വിശ്വത്തിനും ബാബ ഗതി സദ്ഗതി നൽകുന്നത്. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ബാബ പറയുകയാണ് ഈ ദേവി ദേവതാ ധർമ്മം വളരെ സുഖം നൽകുന്നതാണ്. നിങ്ങൾ തൻെറ ധർമ്മത്തെ മറന്നിരിക്കുകയാണ് അതിനാലാണ് മറ്റു ധർമ്മങ്ങളിലേക്ക് പോയത്. വാസ്തവത്തിൽ ഏറ്റവും ഉയർന്നത് നിങ്ങളുടെ ധർമ്മമാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും അതേ രാജയോഗമാണ് പഠിച്ചു കൊണ്ടിരിക്കുന്നത് അതിനാൽ

ശ്രീമത്തിലൂടെ നടക്കണം. ബാക്കി എല്ലാവരും രാവണന്റെ ആസുരീയ നിർദേശത്തിലൂടെയാണ് നടക്കുന്നത്. എല്ലാവരിലും 5 വികാരങ്ങളുണ്ട്, അതിൽ തന്നെ ആദ്യത്തേത് അശുദ്ധ അഹങ്കാരമാണ്. ബാബ പറയുകയാണ് ദേഹഅഹങ്കാരത്തെ ഉപേക്ഷിച്ച് ദേഹിഅഭിമാനിയാകൂ, അശരീരിയായി ഭവിക്കട്ടെ. നിങ്ങൾ അച്ഛനായ എന്നെ മറന്നു. ഇത് ഓർമ്മയുടേയും മറവിയുടേയും കളിയാണ്. ചിലർ പറയും താഴേക്ക് വീഴുക തന്നെ വേണം എന്നതാണെങ്കിൽ പിന്നെ എന്തിനാണ് പുരുഷാർത്ഥം ചെയ്യുന്നത്? പുരുഷാർത്ഥം ചെയ്യാതെ സ്വർഗ്ഗത്തിന്റെ രാജ്യാധികാരം എങ്ങനെ ലഭിക്കും. ഡ്രാമയെ മനസ്സിലാക്കണം. സൃഷ്ടി ഒന്നാണ് ഉള്ളത്, അത് ചക്രം പോലെ കളിക്കുകയാണ്. സത്യയുഗത്തിന്റെ ആരംഭത്തിൽ സത്യതയുണ്ടായിരുന്നു, അത് സത്യമായിരുന്നു. പറയുകയാണ് വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കുകയാണ്. അപ്പോൾ എപ്പോഴാണ് ആരംഭിക്കുന്നത്? എങ്ങനെയാണ് ആവർത്തിക്കുന്നത്? അതിനാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത്. ബാബ പറയുകയാണ് ഞാൻ വീണ്ടും നിങ്ങളെ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. നിങ്ങൾ പഠിക്കുകയാണ്. രാജധാനി സ്ഥാപിക്കപ്പെടും. യാദവരും കൗരവരും ഇല്ലാതാകുന്നതിലൂടെ ജയജയാരവം ഉണ്ടാകും. പിന്നെ മുക്തി ജീവന്മുക്തിയുടെ വാതിൽ തുറക്കപ്പെടും. ഇല്ലെങ്കിൽ അതു വരെ ആ വാതിൽ അടഞ്ഞു കടക്കും. എപ്പോഴാണോ യുദ്ധം ആരംഭിക്കുന്നത് അപ്പോഴാണ് വാതിൽ തുറക്കപ്പെടുന്നത്. ബാബ വന്ന് വഴികാട്ടിയായി കൂടെ കൊണ്ടു പോവുകയാണ്. മുക്തിദാതാവാണ്. മായയുടെ കിടങ്ങിൽ നിന്നും രക്ഷിക്കുകയാണ്. ഗുരുക്കന്മാരുടെ ചങ്ങലകളിൽ ധാരാളം പേർ കുടുങ്ങിയിരിക്കുകയാണ്. ഗുരുവിന്റെ ആജ്ഞ പാലിച്ചില്ലെങ്കിൽ ശാപം കിട്ടിയാലോ എന്ന് ഭയക്കുകയാണ്. അതിന് ആരാണ് ആജ്ഞയെ അനുസരിക്കുന്നത്. അവർ നിർവ്വികാരി പവിത്രരും നിങ്ങൾ വികാരി അപവിത്രരുമാണ്. ഗുരുക്കന്മാരോട് മനുഷ്യർക്ക് എത്രയാണ് ഭാവന. എന്താണ് ചെയ്യുന്നത് എന്നത് പോലും അറിയുന്നില്ല. ഭക്തി മാർഗ്ഗത്തിന്റെ പ്രഭാവം ഉണ്ട്. ഇപ്പോൾ നിങ്ങൾ വിവേകശാലികളും ഒന്നാനമ്മയുടെ കുട്ടികളുമായി മാറി. നിങ്ങൾക്ക് അറിയാം ബ്രഹ്മാവ് വിഷ്ണു ശങ്കരൻ സൂക്ഷ്മ വതന വാസികളാണ് അതിനാൽ തന്നെ ബ്രഹ്മാവിൽ നിന്നും വിഷ്ണു ആകുന്ന പാർട്ട് ഇവിടെയാണ്. ശങ്കരന് ഇവിടെ വരേണ്ട കാര്യമില്ല. ഇവിടെ ജഗദംബയും ജഗദ്പിതാവും നിങ്ങൾ കുട്ടികളും ഉണ്ട്. ബാക്കി ധാരാളം കൈകളുള്ള ദേവിമാരുടെ എത്ര ചിത്രങ്ങളാണ് ഉണ്ടാക്കുന്നത്, ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ ചിത്രങ്ങളാണ്. മനുഷ്യൻ മനുഷ്യൻ തന്നെയാണ്. രാധാ കൃഷ്ണന് പോലും നാലു കൈകൾ കാണിച്ചിട്ടുണ്ട്. ദീപാവലിക്ക് മഹാലക്ഷ്മിയുടെ പൂജ ചെയ്യാറുണ്ട്. വാസ്തവത്തിൽ രണ്ട് കൈകൾ ലക്ഷ്മിയുടേയും രണ്ട് കൈകൾ നാരായണന്റേതുമാണ് അതിനാൽ കമ്പയിന്റ് രൂപത്തിൽ രണ്ടു പേരുടേയും പൂജ നടക്കുന്നുണ്ട്, ഇത് പ്രവൃത്തി മാർഗ്ഗമാണ്, വേറൊന്നുമില്ല. കാളിയുടെ നാവ് എങ്ങനെയാണ് കാണിക്കാറുള്ളത്. കൃഷ്ണനെയും കറുത്തതായി കാണിച്ചിട്ടുണ്ട്, വാമമാർഗ്ഗത്തിലേക്ക് പോയതു കൊണ്ടാണ് കാളിയായി കാണിച്ചിരിക്കുന്നത്, പിന്നീട് ജ്ഞാന ചിതയിലിരുന്ന് വെളുത്തതായി തീരും. മധുരമായ മമ്മ ജഗദംബ ആരാണോ സർവ്വരുടേയും മനോകാമനകൾ പൂർത്തീകരിച്ചത് ആ മൂർത്തിയെ പോലും കറുത്തതാക്കി, എത്ര ദേവിമാരെ ഉണ്ടാക്കുന്നു. പൂജ ചെയ്ത് സമുദ്രത്തിൽ  കൊണ്ട് പോയി മുക്കികളയും. അപ്പോൾ ഇത് പാവകളിയായില്ലേ. ബാബ പറയുകയാണ് ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്, വീണ്ടും നടക്കും. ഭക്തി മാർഗ്ഗം വിസ്താരമുള്ളതാണ്. എത്ര ക്ഷേത്രങ്ങൾ, എത്ര ചിത്രങ്ങൾ, എത്ര ശാസ്ത്രങ്ങളാണ്. അക്കാര്യമേ ചോദിക്കേണ്ട. സമയം പാഴാക്കുന്നു....ധനവും പാഴാക്കുന്നു....മനുഷ്യർ ഈ സമയത്ത് തീർത്തും തുച്ഛ ബുദ്ധിയായി മാറിയിരിക്കുന്നു, കക്കക്കു തുല്യമായി മാറി. ബാബ പറയുന്നു ഭക്തി മാർഗ്ഗത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു, ഇപ്പോൾ ബാബ നിങ്ങളെ ആ കെട്ടുകളിൽ നിന്നും മുക്തമാക്കുകയാണ്. കേവലം ബാബയേയും സമ്പത്തിനേയും ഓർമ്മിക്കൂ, അതോടൊപ്പം തീർച്ചയായും പവിത്രമായി മാറുകയും വേണം, പത്ഥ്യം വെക്കണം. ഇല്ലെങ്കിൽ എന്താണോ ഭക്ഷണം അതുപോലെ മനസ്സാകും. സന്യാസിമാർക്ക് പോലും ഗൃഹസ്ഥികളുടെ അടുത്ത് പോയി ജന്മമെടുക്കേണ്ടി വരുന്നു, അതാണ് രജോപ്രധാന സന്യാസം. ഇതാണ് സതോപ്രധാനമായ സന്യാസം. നിങ്ങൾ പഴയ ലോകത്തിന്റെ സന്യാസം ചെയ്യുകയാണ്, ആ സന്യാസത്തിൽ പോലും എത്ര ശക്തിയാണ്, പ്രസിഡന്റ് പോലും ഗുരുക്കൻമാരുടെ മുന്നിൽ തല കുമ്പിടാറുണ്ട്. ഭാരതം പവിത്രമായിരുന്നു, അതിന്റെ മഹിമ ഇന്നും പാടാറുണ്ട്, ഭാരതം സർവ്വഗുണസമ്പന്നമായിരുന്നു, ഇപ്പോഴാണെങ്കിൽ സമ്പൂർണ്ണ വികാരി ആയി മാറി. ദേവതകളുടെ ക്ഷേത്രത്തിലേക്ക് പോകുന്നുണ്ടെങ്കിൽ തീർച്ചയായും നിങ്ങളും ആ ധർമ്മത്തിലേതല്ലേ. ഗുരു നാനാക്കിന്റെ ക്ഷേത്രത്തിലേക്ക് പോകുന്നുണ്ടെങ്കിൽ നിങ്ങൾ സിഖ് ധർമ്മത്തിലേതായിരിക്കും. പക്ഷെ ആർക്കും സ്വയത്തെ ദേവതാ ധർമ്മത്തിലേതാണെന്ന് പറയാൻ സാധിക്കുകയില്ല എന്തുകൊണ്ടെന്നാൽ പവിത്രത ഇല്ല.

ഇപ്പോൾ ബാബ പറയുകയാണ് വീണ്ടും ശിവാലയത്തെ നിർമ്മിക്കാനാണ് ഞാൻ വന്നിരിക്കുന്നത്. സ്വർഗ്ഗത്തിൽ കേവലം ദേവിദേവതകളാണ് ഉണ്ടാവുക. ഈ ജ്ഞാനം വീണ്ടും പ്രായലോപമാകും. ഗീതയും രാമായണവുമെല്ലാം ഇല്ലാതാകും. ഡ്രാമയനുസരിച്ച് വീണ്ടും തന്റെ സമയത്ത് വരും. എത്ര മനസ്സിലാ

ക്കേണ്ട കാര്യമാണ്. മനുഷ്യനെ ദേവതയാക്കി മാറ്റുന്ന പാഠശാലയാണ് ഇത്. പക്ഷെ മനുഷ്യന് മനുഷ്യന് സദ്ഗതി നൽകാൻ സാധിക്കില്ല. അല്പകാലത്തെ സുഖം എല്ലാവർക്കും നൽകാൻ കഴിയും. ഇവിടെ അല് കാലത്തിലെ സുഖമാണ് ഉള്ളത്, ബാക്കി ദു:ഖം തന്നെ ദു:ഖമാണ്. സത്യയുഗത്തിൽ ദു:ഖത്തിന്റെ പേര് പോലും ഉണ്ടാവുകയില്ല. പേര് തന്നെ സ്വർഗ്ഗം, സുഖധാമം എന്നാണ്. സ്വർഗ്ഗത്തിന്റെ പേര് എത്ര പ്രശസ്തമാണ്. ബാബ പറയുകയാണ് ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞോളൂ, പക്ഷെ അന്തിമ ജന്മത്തിൽ ബാബാ ഞാൻ അങ്ങയുടെ കുട്ടിയാണ് എന്ന പ്രതിജ്ഞ ബാബയോട് ചെയ്യണം. ഈ അന്തിമ ജന്മത്തിൽ തീർച്ചയായും പവിത്രമായി, പവിത്ര ലോകത്തിന്റെ സമ്പത്ത് നേടണം. ബാബയെ ഓർമ്മിക്കുന്നത് വളരെ സഹജമാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ദേഹ-അഹങ്കാരത്തെ ഉപേക്ഷിച്ച് ദേഹി-അഭിമാനിയാകണം. അശരീരി ആകുന്നതിനുള്ള അഭ്യാസം ചെയ്യണം.

2) ഡ്രാമയെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി പുരുഷാർത്ഥം ചെയ്യണം. ഡ്രാമയിലുണ്ടെങ്കിൽ ചെയ്യാം- ഇങ്ങനെ ചിന്തിച്ച് പുരുഷാർത്ഥ ഹീനരായി മാറരുത്.

**വരദാനം:- സംഗമയുഗത്തിന്റെ മഹത്വത്തെ അറിഞ്ഞ് ശ്രേഷ്ഠ പ്രാലബ്ധം ഉണ്ടാക്കുന്നവരായ തീവ്ര പുരുഷാർത്ഥിയായി ഭവിക്കട്ടെ.**

സംഗമയുഗം ഒരു ചെറിയ യുഗമാണ്, ഇതിൽത്തന്നെയാണ് ബാബയോടൊപ്പമുള്ള അനുഭവമുണ്ടാകുന്നത്. സംഗമത്തിലെ സമയവും ഈ ജീവിതവും രണ്ടും വജ്രസമാനമാണ് . അതിനാൽ ഇത്രയും മഹത്വമുണ്ടെന്നറിഞ്ഞ് ഒരു സെക്കന്റുപോലും കൂട്ടിനെ ഉപേക്ഷിക്കരുത്. സെക്കന്റ് പോയാൽ സെക്കന്റല്ല ഒരുപാട് നഷ്ടപ്പെടും. മുഴുവൻ കൽപത്തിലേക്കും ശ്രേഷ്ഠ പ്രാലബ്ധം നിക്ഷേപിക്കുവാനുള്ള യുഗമാണിത്, അഥവാ ഈ യുഗത്തിന്റെ മഹത്വമെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ തീവ്ര പുരുഷാർത്ഥത്തിലൂടെ രാജ്യാധികാരം പ്രാപ്തമാക്കാൻ സാധിക്കും.

**സ്ലോഗൻ: സർവ്വർക്കും സ്നേഹവും സഹയോഗവും നൽകുക തന്നെയാണ് വിശ്വസേവാധാരിയാകുക.**